പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം :*193 | 12.02.2020 ൽ മറുപടിക്ക്

**വൈദ്യുതി ചാർജ്ജ് കുടിശ്ശിക**

ചോദ്യം

ഡോ.എം.കെ.മുനീർ
ശ്രീ.എൻ.എ.നെല്ലിക്കുന്ന്
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.പി.കെ.അബ്ദു റബ്ബ്.

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിന്റെ കഴിഞ്ഞ വർഷത്തെ നഷ്ടത്തേക്കാൾ കൂടിയ തുക വൻകിടക്കാരിൽ നിന്നും കുടിശ്ശികയായി പിരിച്ചെടുക്കാനുണ്ടോ; വിശദമാക്കാമോ; | എ) 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ നഷ്ടം 290 കോടി രൂപയാണ്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് 31.12.2019-വരെ വൻകിട ഉപഭോക്താക്കളിൽ (എച്ച്.റ്റി) നിന്നും കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 904.22 കോടി രൂപയാണ്. ഇതിൽ 383.41 കോടി രൂപ വ്യവഹാരങ്ങളിൽ ഉൾപ്പെട്ട് വിവിധ കോടതികളിലും, ഫോറങ്ങളിലുമായി നിലനിൽക്കുന്നവയാണ്. അതിന്റെ തീർപ്പുണ്ടാകുന്ന മുറയ്ക്ക് മാത്രമേ കുടിശ്ശിക പിരിച്ചെടുക്കുവാൻ സാധിക്കുകയുള്ളൂ. 31.12.2019 വരെയുള്ള കുടിശ്ശികയുടെ വിശദാംശം ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാതെ ഈ തുക കർശനമായി പിരിച്ചെടുക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക വൈദ്യുത നിരക്ക് വർദ്ധനയ്ക്ക് കാരണമാകുന്നില്ല. ഓരോ സാമ്പത്തീക വർഷവും ചെലവിന് ആനുപാതികമായി വരുമാനത്തിലുണ്ടാകുന്ന കുറവിന്റെ ഒരു ഭാഗം മാത്രമാണ് വൈദ്യുത നിരക്ക് വർദ്ധനവായി ഉപഭോക്താവിൽ നിന്നും പിരിച്ചെടുക്കുന്നത്.<br>സംസ്ഥാനത്തെ വൻകിട ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക ഈടാക്കുന്നതിന് ഇലക്ട്രിസിറ്റി സപ്ലൈ കോഡ് പ്രകാരം വൈദ്യുതി വിച്ഛേദിക്കൽ / ഒറ്റത്തവണ തീർപ്പാക്കൽ / വൈദ്യുതി അദാലത്ത് എന്നിവയുൾപ്പെടെയുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| KERALA STATE ELECTRICITY BOARD LIMITED | | | | |
|---|---|---|---|---|
| ABSTRACT OF ARREARS OF CURRENT CHARGES AS ON 31-12-2019 (WITHOUT SURCHARGE) | | | | |
| Sl. No. | NAME OF DEPARTMENT | Arrear excluding litigation (Amount in Crore) | Arrear under litigation (Amount in Crore) | Total |
| 1 | STATE GOVERNMENT DEPARTMENTS | 33.98 | 0.00 | 33.98 |
| 2 | STATE PUBLIC SECTOR UNDERTAKINGS | 229.05 | 42.01 | 271.05 |
| 3 | PUBLIC INSTITUTIONS | 14.96 | 13.60 | 28.56 |
| 4 | LOCAL BODIES | 0.00 | 0.00 | 0.00 |
| 5 | CENTRAL GOVERNMENT DEPARTMENTS | 0.38 | 0.00 | 0.38 |
| 6 | CENTRAL PUBLIC SECTOR UNDERTAKINGS | 41.42 | 3.91 | 45.33 |
| 7 | DOMESTIC | 0.00 | 0.00 | 0.00 |
| 8 | PRIVATE INSTITUTIONS | 191.39 | 261.02 | 452.41 |
| 9 | CAPTIVE POWER PLANT | 4.90 | 51.15 | 56.05 |
| 10 | INTER STATE | 3.58 | 0.00 | 3.58 |
| 11 | LICENSEE | 1.16 | 11.72 | 12.88 |
| 12 | OTHERS | 0.00 | 0.00 | 0.00 |
| | **GRAND TOTAL** | **520.82** | **383.41** | **904.23** |